മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഒക്ടോബർ 31

# വാർത്താക്കുറിപ്പ്

---

## സെനറ്റ് പുനഃസംഘടന; തിരഞ്ഞെടുപ്പ് നടപടികൾക്ക് തുടക്കമായി

മഹാത്മാ ഗാന്ധി സർവകലാശാലാ സെനറ്റ് പുനഃസംഘടിപ്പിക്കുന്നതിന് മുന്നോടിയായി വിവിധ മണ്ഡലങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

കോളജ് പ്രിൻസിപ്പൽമാർ, നിയമസഭാ സാമാജികർ, സർവകലാശാലാ പഠന വകുപ്പുകളിലെ അധ്യാപകർ, സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ഗവൺമെൻറ്, സ്വകാര്യ കോളേജുകളിലെ അധ്യാപകർ, അനധ്യാപക വിഭാഗം ജീവനക്കാർ, മാനേജർമാർ, സർവകലാശാലാ അധികാര പരിധിക്കുള്ളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മേയർ/ചെയർമാൻ/പ്രസിഡൻറുമാർ, ട്രേഡ് യൂണിയൻ നേതാക്കൾ, സർവകലാശാലയിലെ അനധ്യാപക വിഭാഗം ജീവനക്കാർ എന്നീ മണ്ഡലങ്ങളിലെ വോട്ടർ പട്ടിക ഡിസംബർ രണ്ടിന് പ്രസിദ്ധീകരിക്കും. വോട്ടർ പട്ടിക സംബന്ധിച്ച പരാതികൾ അനുബന്ധ രേഖകൾ സഹിതം ഡിസംബർ 17 വരെ വരണാധികാരി മുമ്പാകെ സമർപ്പിക്കാം.

വോട്ടർ പട്ടികയിൽ പേരു ചേർക്കുവാനുള്ളവരുടെ വിവരങ്ങൾ ഇനിയും ലഭ്യമാക്കാത്ത കോളജുകളും ഇതര സ്ഥാപനങ്ങളും നവംബർ 15നുള്ളിൽ സർവകലാശാലാ ഓഫീസിൽ ലഭിക്കത്തക്ക വിധം അയയ്ക്കണമെന്ന് വരണാധികാരി അറിയിച്ചു.

(പി.ആർ.ഒ./39/1553/2022)

## രാഷ്ട്രീയ ഏകതാ ദിനാഘോഷം നടത്തി

മഹാത്മാ ഗാന്ധി സർവകലാശാലയിൽ രാഷ്ട്രീയ ഏകതാ ദിനാഘോഷം സംഘടിപ്പിച്ചു. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ നടന്ന ചടങ്ങിൽ പ്രോ വൈസ് ചാന്സലർ സി.ടി.

അരവിന്ദകുമാർ ജീവനക്കാർക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. രജിസ്ട്രാർ പ്രകാശ് കുമാര് ബി, സിൻഡിക്കേറ്റ് അംഗം റെജി സക്കറിയ തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ.ഒ./39/1554/2022)

## മലയാളാ ദിനാഘോഷം ഇന്ന്

മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷത്തിൻറെ ഉദ്ഘാടനവും ഇന്ന് (നവംബർ 1) നടക്കും. അസംബ്ലി ഹാളിൽ രാവിലെ 11ന് ആഘോഷ പരിപാടി ഉദ്ഘാടനം ചെയ്യുന്ന വൈസ് ചാൻസലർ പ്രഫ. സാബു തോമസ് മലയാള ദിന സന്ദേശം നൽകും.

പ്രോ വൈസ് ചാന്സർ ഡോ. സി.ടി. അരവിന്ദകുമാർ, രജിസ്ട്രാർ ഡോ. പ്രകാശ്കുമാർ ബി, വിവിധ വകുപ്പുകളിലെ അധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുക്കുന്ന ചടങ്ങിൽ ഭരണഭാഷാ പ്രതിജ്ഞയെടുക്കും.

(പി.ആർ.ഒ./39/1555/2022)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.എഫ്.ടി(സി.ബി.സി.എസ്.എസ് 2014, 2015, 2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2013 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ ഏഴ് മുതൽ കോതമംഗലം യെൽദോ മാർ ബസേലിയോസ് കോളജിൽ നടക്കും. വിശദമായ ടൈം ടേബിള് സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ./39/1556/2022)

## ഹാൾ ടിക്കറ്റ്

നാളെ(നവംബർ 2) ആരംഭിക്കുന്ന പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷയുടെ ഹാൾ ടിക്കറ്റുകൾ സർവകലാശാല പി.എച്ച്.ഡി പോർട്ടലില് നിന്ന് ഡൗൺലോഡ് ചെയ്യാം. ഗവേഷണ കേന്ദ്ര മേധാവി സാക്ഷ്യപ്പെടുത്തിയ ഹാൾ ടിക്കറ്റുമായാണ് പരീക്ഷയ്ക്ക് എത്തേണ്ടത്.

(പി.ആർ.ഒ./39/1557/2022)

## പരീക്ഷാ തീയതി

മോഡൽ 1 ആനുവൽ സ്കീം ബി.എ, ബി.എസ്.സി പാർട്ട് 3 സബ്സിഡിയറി പേപ്പറുകളുടെ(അദാലത്ത് സ്പെഷ്യൽ മെഴ്സി ചാൻസ്, യു.ജി.സി സ്പോൺസേഡ്) പരീക്ഷ നവംബർ 22ന് ആരംഭിക്കും.

(പി.ആർ.ഒ./39/1558/2022)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ എം.എ ഇക്കണോമിക്സ് (നവംബർ 2021 പി.ജി.സി.എസ്.എസ് 2019ന മുൻപുള്ള അഡീഷൻ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 15വരെ പരീക്ഷാ വിഭാഗം ഡെപ്യൂട്ടി രജിസ്ട്രാർക്ക്(7) അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1559/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**